ആമുഖം.

മാതൃഭാഷയാണ് ഓരോ ജനതയുടേയും സംസ്ക്കാരത്തെ നിർണ്ണയിക്കുന്നത്. സംസാരിക്കുന്നതും സ്വപ്നം കാണുന്നതും ചിന്തിക്കുന്നതുമെല്ലാം മാതൃഭാഷയിൽ തന്നെയാണ്. അതുകൊണ്ടു തന്നെ എല്ലാ കുട്ടികളും മാതൃഭാഷയെ തൊട്ടറിഞ്ഞ് ആസ്വദിച്ച് പഠിക്കുക തന്നെ വേണം.

മാതൃഭാഷയോട് കൂടുതൽ അഭിമുഖം വളർത്തുന്നതിനും, കൂടുതൽ പ്രവർത്തനങ്ങൾ, അധിക പ്രവർത്തനങ്ങൾ നൽകുന്നതിനും സഹായകരമായ ഒരു പ്ലാൻ ആണിത്. കുട്ടികളുടെ സർഗ്ഗാത്മക ശേഷി വികസിപ്പിച്ച് ആസ്വാദന ശേഷി വളർത്തുകയാണ് പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം.

വായന മനുഷ്യനെ പൂർണ്ണനാക്കുന്നു. വായനാ ശേഷി വളർത്തിയെടുത്ത് ചിന്താശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ലാസ്മുറിക്ക് പുറത്തും പാഠപുസ്തകത്തിനപ്പുറവും നടക്കേണ്ടതുണ്ട്.

യു.പി.
മലയാളം
അക്കാദമിക
മാസ്റ്റർ പ്ലാൻ

# യു.പി. മലയാളം 2024-25

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക.<br><br>2) പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | <u>എന്റെ അവധിക്കാലം</u><br>അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവങ്ങൾ, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| | <u>ഭാഷാകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| | <u>വാക്കുകളിൽ നിന്നും വ്യക്തിയിലേക്ക്</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പത്രമാധ്യമങ്ങൾ, ആനുകാലികങ്ങൾ, നവമാധ്യമങ്ങൾ എന്നിവ വിശകലനം ചെയ്ത ചർച്ചകളിൽ ഏർപ്പെടുന്നതിന്. | <u>വാർത്താലോകത്തേക്ക്</u><br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും, പ്രതികരണ ശേഷി വളർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>ക്ലാസിനൊരു പത്രം<br><u>വാർത്താവായന</u><br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.<br>ക്ലാസ്തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്നവരെ സ്കൂൾ റേഡിയോയിൽ വാർത്ത വായനക്ക് അവസരം നൽകുന്നു. | എല്ലാ ദിവസവും<br><br>പ്രതിമാസം | മലയാളം അദ്ധ്യാപകർ<br><br>വിദ്യാരംഗം സാഹിത്യവേദി | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂലമനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗ്ഗശേഷി വളർത്തൽ. | സാഹിത്യസംബന്ധിയായ വിഷയങ്ങളെ ആസ്പദമാക്കി ക്ലിസ് മത്സരം.<br><br>സംവാദം/മുഖാമുഖം<br><br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും, സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br><br>സാഹിത്യകാരന്മാരെ ക്ഷണിച്ച് ശില്പശാലകൾ സംഘടിപ്പിക്കുന്നു. | പ്രതിമാസം<br><br>ജൂൺ 19 വായനാവാരകാലം | വിദ്യാരംഗം ക്ലബ്ബ് | |
| 4) ലൈബ്രറി ശാക്തീകരണം | സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി<br><br>പിറന്നാൾ പുസ്തകം, സഞ്ചരിക്കുന്ന ലൈബ്രറി, അമ്മ വായന എന്നിവ പ്രോത്സാഹിപ്പിക്കുന്നു. | വർഷം മുഴുവൻ | ക്ലാസ് അദ്ധ്യാപകർ വിദ്യാരംഗം ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന്<br><br>ഭാഷാ ശിൽപശാലകൾ സംഘടിപ്പിച്ച് കുട്ടികളുടെ സർഗ്ഗാത്മക പ്രകടനങ്ങൾക്ക് അവസരം ഒരുക്കുന്നു. | ഓരോ ക്ലാസിനും ക്ലാസ് ലൈബ്രറി. ലൈബ്രറിയൻ, ലെഡ്ജർ എന്നിവ ഉൾപ്പെടെ.<br><br>വായന കുറിപ്പ് തയ്യാറാക്കൽ, അസംബ്ലി, സ്കൂൾ റേഡിയോയിൽ വായന.<br><br>ആസ്വാദന കുറിപ്പ് മത്സരം, സഞ്ചരിക്കുന്ന പുസ്തകശാല<br><br>ശില്പശാല<br><br>കഥ, കവിത, തുടങ്ങിയ മേഖലകളിൽ കഴിവും പ്രാവീണ്യവും ഉള്ള വ്യക്തികളെ ക്ഷണിച്ച് വരുത്തി ശിൽപശാലകൾ നടത്തുന്നു.<br><br>കുട്ടികളുടെ സൃഷ്ടികൾ, പതിപ്പുകൾ ഡിജിറ്റൽ പതിപ്പുകളായി പ്രകാശനം ചെയ്യുന്നു. | ക്ലാസ്സ് അദ്ധ്യാപകർ<br><br>വിദ്യാരംഗം സാഹിത്യ വേദി<br><br>വിദ്യാരംഗം ക്ലബ്ബ് | വർഷത്തിൽ രണ്ട് തവണ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | <u>സ്കൂൾ റേഡിയോ :</u><br>സ്കൂൾ റേഡിയോയിൽ വാർത്ത, ചിന്താ വിഷയം, കവിതാലാപനം, സാഹിത്യവേദി തുടങ്ങിയ വൈവിദ്യമാർന്ന പ്രവർത്തന ങ്ങൾ അവതരിപ്പിക്കുന്നു.<br>പത്ര വാർത്ത കൾ തിര ഞ്ഞെ ടുത്ത് റേഡിയോ ന്യൂസ് തയ്യാറാക്കി അവതരി പ്പിക്കുന്നു. | ഒരു വർഷം | ക്ലാസ് അദ്ധ്യാപകർ, സ്കൂൾ റേഡിയോ ക്ലബ്ബ് | |

# ആമുഖം.

ഭൂതകാലത്തെ അടിസ്ഥാനമാക്കി സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിനും പുതിയ കാലവും ചുറ്റുപാടുകളും രൂപപ്പെടുത്തുന്ന വിപരീത സാഹചര്യങ്ങളെ മറി കടക്കുന്നതിനും സമൂഹ ശാസ്ത്രപഠനത്തിലൂടെ കഴിയേണ്ടതുണ്ട്. ഭരണഘടന മുന്നോട്ടു വെക്കുന്ന സമത്വം, സാഹോദര്യം, ജനാധിപത്യം, സ്വാതന്ത്ര്യം എന്നിവയെ കുറിച്ച് ധാരണ നേടേണ്ടതുമുണ്ട്.

ജനാധിപത്യബോധം പഠിതാക്കളിൽ ഊട്ടിയുറപ്പിക്കേണ്ടത് അത്യാവശ്യമാണ്. അത്യാവശ്യമാണ്. സാംസ്ക്കാരിക മതനിരപേക്ഷ പാരമ്പര്യങ്ങളെ കാത്ത് സൂക്ഷിക്കുന്നതിനും സമൂഹത്തെ കുറിച്ച് വ്യക്തമായ ധാരണവേണം. പ്രകൃതി സംരക്ഷണം, കാർഷിക സംസ്കൃതി അഭിവൃദ്ധിപ്പെടൽ ഇതിനൊക്കെ പ്രവർത്തിക്കാൻ കുട്ടികൾക്ക് സാധിക്കണം.

അത്തരം ഒരു കാഴ്ചപാടിലേക്ക് നയിക്കുന്ന വിവിധ പ്രവർത്തനങ്ങാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

യു.പി. സാമൂഹ്യശാസ്ത്രം.
അക്കാദമിക മാസ്റ്റർപ്ലാൻ.

| മേഖല: | യു പി സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക്.<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അറിവ് വികസിപ്പിക്കുന്നതിനായി ചില കളികൾ നൽകുന്നു.<br><br>ഓർമ്മ പരിശോധന<br>പ്രാദേശിക തലമുതൽ ലോകം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിദ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT ഉപയോഗിച്ച് ഓർമ്മ പരിശോധന നടത്തുന്നു.<br>ചരിത്ര സ്മാരകങ്ങൾ, നിർമ്മിതികൾ, രാജാക്കന്മാർ ഇവ ഉൾപ്പെടുത്തി ഡിജിറ്റൽ ആൽബം. | അക്കാദമിക വർഷാരംഭം മുതൽ (ജൂൺ)<br><br>അക്കാദമിക വർഷാരംഭം മുതൽ (ജൂൺ) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കുക. | <u>Virtual Field Trip</u><br>ICT സാദ്ധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം ഉണ്ടാക്കുന്നു.<br>* പ്രാദേശിക ചരിത്രാന്വേഷണം നടത്തി പ്രാദേശിക ചരിത്ര രജന നടത്തുന്നു.<br>* വാർഡ്, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, ഭൂപടങ്ങൾ വരയ്ക്കാൻ പ്രാപ്തി നേടുന്നു.<br>* സ്വന്തം പ്രദേശത്തെ ചരിത്രമന്വേഷിച്ച് വിവര ശേഖരണം. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുന്നു | <u>വിദ്യാലയത്തിൽ നിന്ന് പുറത്തേക്ക്</u><br>* ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.<br>അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br>* ജനാധിപത്യ രീതിയിൽ സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് നടത്തുന്നതിൽ പങ്കാളിയാവുകയും ജനാധിപത്യ രീതിയെ കുറിച്ച് ധാരണ നേടുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം (ജൂലൈ) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | <u>പ്രകൃതി ദുരന്തങ്ങൾ നേർകാഴ്ച</u><br>ഭൂകമ്പം, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, എന്നിവയുടെ തീവ്രതയെ കുറിച്ച് നേരിട്ടും, ICT ഉപയോഗിച്ചും ധാരണയുണ്ടാക്കുന്നു. അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം (ജൂലൈ) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കൽ പ്രോത്സാഹിപ്പിക്കുന്നു. | <u>നന്മയുടെ നുറുങ്ങുവെട്ടം</u><br>പ്രകൃതി ദുരന്തം സംഭവിച്ച സ്ഥലം, വ്യക്തികൾ സന്ദർശിച്ച് സേവനം ചെയ്യാൻ അവസരം നൽകുന്നു. കുട്ടികൾ സ്വരൂപിച്ച പണം (സ്നേഹ നിധി) ഉപയോഗിച്ച് സഹായം നൽകുന്നു. | | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ, ക്ലാസ് അദ്ധ്യാപകർ | |
| 6) വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | <u>ചിലന്തി വലയിൽ നിന്ന് കുതിച്ചു ചാട്ടം</u><br>ബോധവത്ക്കരണ ക്ലാസുകൾ സൈബർ സുരക്ഷ ഉദ്യോഗസ്ഥർ, ട്രാഫിക് പോലീസ്, | അക്കാദമിക വർഷാരംഭം (ആഗസ്റ്റ്) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കൂടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)<br>പരിസ്ഥിതി തകർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽകാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വെ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലെത്തിക്കുന്നു. | <u>പുതുചക്രവാളത്തിലേക്ക്</u><br>* ICT സാദ്ധ്യതകൾ ഉപയോഗിച്ച് ക്ലാസ് മുറിയിൽ ക്വിസ് മത്സരങ്ങൾ മത്സര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായമായ ചോദ്യോത്തര മാതൃകകൾ, വർക്ക് ഷീറ്റുകൾ എന്നിവ നിരന്തരമായി ചെയ്യിക്കുന്നു.<br>* ആഴ്ചയിൽ ഒരിക്കൽ ക്വിസ് മത്സരം നടത്തുന്നു.<br>* സംവാദം, സെമിനാർ എന്നിവ നടത്താൻ വിവിധ പാഠങ്ങളുമായി ബന്ധപ്പെട്ട് വിഷയങ്ങൾ നൽകി പൊതു അവതരണങ്ങൾക്ക് അവസരങ്ങൾ നൽകുന്നു.<br>* സഞ്ചരിച്ച യാത്രകളുടെ Vlog നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

– അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം കുട്ടികളിൽ എത്തിക്കുന്നതിന് | സയൻസ് ക്ലബ്ബ് രൂപീകരണം<br>* ആഴ്ചയിൽ ഒരിക്കൽ സയൻസുമായി ബന്ധപ്പെട്ട അറിവുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>* മാസത്തിൽ ഒരിക്കൽ സയൻസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | |
| * എല്ലാ കുട്ടികൾക്കും ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കുക.<br>*. സർഗ്ഗാത്മക വികസിപ്പിക്കാൻ | * കുട്ടികളുടെ സർഗ്ഗാത്മക വികസിപ്പിക്കാൻ പുതിയ പഠന തന്ത്രങ്ങൾ ഉപയോഗിക്കുന്നു.<br>(സംഗീത ശിൽപം, ശാസ്ത്ര ഗാനം, റീൽസ്, ഡോക്യുമെന്ററി, പോസ്റ്റർ നിർമ്മാണം) | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ, ടീച്ചർ (W.E), രക്ഷിതാക്കൾ | |
| * എല്ലാ കുട്ടികൾക്കും ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കുക. | * Home Lab<br>* പരീക്ഷണ നിരീക്ഷണങ്ങളും ശാസ്ത്ര പ്രവർത്തനങ്ങളും വീട്ടിൽ ചെയ്യുന്നതിന് സൗകര്യം ഒരുക്കുന്നു.<br>* ശാസ്ത്രകിറ്റ്, ശാസ്ത്ര പരീക്ഷണങ്ങളും | | ശാസ്ത്ര അദ്ധ്യാപിക രക്ഷിതാക്കൾ, കുട്ടികൾ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പ്രവർത്തനങ്ങളും ചെയ്യാനാവശ്യമായ ലഘു സാമഗ്രികളും പാഴ് വസ്തുക്കൾ കുട്ടി ശേഖരിച്ച് ശാസ്ത്ര കിറ്റിൽ ഉൾപ്പെടുത്തുന്നു. | അക്കാദമിക വർഷം | | |
| * കൃഷി സാധ്യതകൾ മനസ്സിലാക്കുന്നതിനും ശാസ്ത്രീയ വശങ്ങൾ പ്രയോഗിക്കുന്നതിനും | <u>ഫീൽഡ് ട്രിപ്പ്</u><br>* ആനക്കയം കശുമാവ് ഗവേഷണ കേന്ദ്രം | ജൂലൈ | ശാസ്ത്ര അദ്ധ്യാപിക<br>SRG കൺവീനർ | |
| *ദിനങ്ങളുടെ പ്രാധാന്യം കുട്ടികളിലേക്കെത്തികുന്നതിന് | * ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര കുറിപ്പ്<br>* ക്വിസ്<br>* ഡോക്യുമെന്ററി<br>* ശാസ്ത്ര നാടകം<br>* ബോധവൽക്കരണ പരിപാടി<br>* കൃഷിത്തോട്ട നിർമ്മാണം<br>* പൂന്തോട്ട നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപിക<br>സയൻസ് ക്ലബ്ബ് അംഗങ്ങൾ | |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കാനുമായുള്ള പ്രവർത്തനങ്ങൾ | പ്രീടെസ്റ്റ്<br>പിന്നോക്കക്കാർക്ക് കൈതാങ്ങ് ചിത്ര കാർഡുകൾ, സങ്കലന, വ്യവകലന കാർഡുകൾ, ഗെയിം ബോർഡുകൾ, ഡൈസുകൾ, തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ ആദ്യ വാരം | ഗണിത അദ്ധ്യാപകൻ | |
| * ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസുകൾ ഗണിത രൂപങ്ങൾ കൊണ്ട് അലങ്കരിക്കൽ | ആദ്യ രണ്ടാഴ്ച | കുട്ടികൾ അദ്ധ്യാപകർ | |
| * ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | കളി രീതിയിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.<br>(നമ്പർകാർഡ്, ഫ്ളാഷ് കാർഡ്) | ഒരുമാസം | ഗണിതാദ്ധ്യാപകൻ മികച്ച വിദ്യാർത്ഥികൾ | |
| * രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപശാല :-<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ, പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതാദ്ധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഗുണന പട്ടികയുടെ ഉപയോഗം തിരിച്ചറിയുന്നു. | നോട്ട് ബുക്കിൽ ഗുണനപട്ടിക എഴുതുന്നു. കാണാതെ പഠിച്ച് കൂട്ടുകാർക്ക് ചൊല്ലി കൊടുക്കുന്നു. ഊഴമനുസരിച്ച് അദ്ധ്യാപകൻ വിലയിരുത്തുന്നു. | ആദ്യ മൂന്ന് മാസം | അദ്ധ്യാപകൻ<br>മികച്ച വിദ്യാർത്ഥികൾ | |
| * ഗണിതപഠനം ലഭിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു. | ഗണിതഗ്രാമം :-<br>ഗണിതത്തിൽ പ്രവീണ്യമുള്ള അദ്ധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) ഉപയോഗപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ നാല് തവണ | ഗണിതാദ്ധ്യാപകൻ | |
| * വർക്ക് ഷീറ്റ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ വർക്ക് ഷീറ്റുകൾ നിർമ്മിക്കുന്നു.<br>വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് പതിപ്പ് നിർമ്മിക്കുന്നു. | ഒരു വർഷം | അദ്ധ്യാപകൻ<br>വിദ്യാർത്ഥികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| * ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാദ്ധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, കോണുകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിതാദ്ധ്യാപകൻ | |
| * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് :-<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിതാദ്ധ്യാപകൻ<br>മികച്ച വിദ്യാർത്ഥികൾ | |
| * ഗണിത ബുള്ളറ്റിൻ | ഗണിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, പാറ്റേണുകൾ, കുസൃതി കണക്കുകൾ, ഗണിത ശാസ്ത്രജ്ഞന്മാർ, ക്വിസ്സുകൾ ഇവ ഉൾപ്പെടുത്തി ബുള്ളറ്റിൻ നിർമ്മിക്കുന്നു. | മാസംതോറും | ഓരോ ക്ലാസിലേയും വിദ്യാർത്ഥികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഗണിത നിഘണ്ടു | ഗണിതാശയവുമായി ബന്ധപ്പെട്ട് ഗണിത നിഘണ്ടു തയ്യാറാക്കുന്നു.<br>വളരുന്ന നിഘണ്ടു | വർഷം മുഴുവൻ | ഗണിതാദ്ധ്യാപകർ<br>വിദ്യാർത്ഥികൾ | |
| * ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ, ചിത്രരചനയിൽ പ്രാവീണ്യം നേടൽ, ഗണിതഭാഷ, സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ഗണിതകേളികൾ, പാമ്പും കോണിയും കാർഡ് കളി, ഗണിതപാട്ടുകൾ, കഥകൾ, പസിലുകൾ, പാറ്റേണുകൾ, ഗണിത നാടകം, പഠനോപകരണ നിർമ്മാണം, ക്ലോക്ക് നിർമ്മാണം. | വർഷത്തിൽ ഒരിക്കൽ | വിദ്യാർത്ഥികൾ<br>ഗണിതാദ്ധ്യാപകർ | |
| * സ്ഥാനവില പോക്കറ്റ് നിർമ്മിക്കൽ | സ്ഥാനവില പോക്കറ്റ് നിർമ്മിക്കുന്നു. സംഖ്യകൾ ഉണ്ടാക്കുന്നു. വായിക്കുന്നു. എഴുതുന്നു. | ആഗസ്റ്റ് | വിദ്യാർത്ഥികൾ | |
| * രക്ഷിതാക്കളുടെ പങ്കാളിത്തം ഗണിതപഠനത്തിൽ ഉറപ്പ് വരുത്തുന്നു. | ഗണിതവുമായി ബന്ധപ്പെട്ട രചനകൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളിത്തം | ശാസ്ത്രമേളയുമായി ബന്ധപ്പെട്ട് | പി.ടി.എ,<br>എം.ടി.എ | |
| * പ്രായോഗിക പ്രശ്നപരിഹരണത്തിന് മുൻഗണന | ഗണിത പ്രവർത്തനത്തിൽ ഗണനത്തിന് അവസരം കൊടുക്കുന്നു. ഗ്രൂപ്പുകളിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നു. | വർഷം മുഴുവൻ | വിദ്യാർത്ഥികൾ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| SL. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസിൽ അക്ഷരമാല പ്രദർശനം<br>* ഓൺലൈൻ അക്ഷരമാല കളികൾ<br>* വാക്കുകൾ എഴുതിയ കാർഡുകൾ<br>* വാക്കുകൾ നിർമാണം<br>* വാക്യങ്ങൾ നിർമാണം<br>* CH വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം. | June to August | അക്ഷര ചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT<br>Resource teachers |
| 2 | വീട് ഒരു പരാക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കാം. | September to October | ഹിന്ദി നിഘണ്ടു | PTA<br>BRC<br>Resource teachers |

| | | | | | |
|---|---|---|---|---|---|
| | | * ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>* CWSN കുട്ടികളുടെ പങ്കാളിത്തം. | | | |
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം.<br>(സുരിലി ഹിന്ദി) | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ (സെപ്റ്റംബർ 14, ജനുവരി 10)<br>* ക്ലാസ് ലൈബ്രറി<br>* അധികവായന സാമഗ്രികൾ<br>* ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>* ചിത്രം- അടിക്കുറുപ്പ്<br>* ചിത്രം - കഥപറയൽ<br>* ചിത്രം - കഥ എഴുതൽ<br>* കഥ ബാക്കി എഴുതൽ<br>* വായനമൂല<br>* ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

| മേഖല-അക്കാദമികം | അക്കാദമിക് മാസ്റ്റർ പ്ലാൻ സംസ്കൃതം | ഉപമേഖല | സംസ്കൃതം | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
| * എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷികൾ വികസിപ്പിക്കൽ<br>* അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക ആശയങ്ങളും ഉറപ്പിക്കുക. | * ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. കുട്ടിയെ മനസ്സിലാക്കുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>* പതിപ്പുകൾ, മാഗസിനുകൾ<br>* രചനാ ശിൽപശാലകൾ<br>* സംസ്കൃത ദിനാചരണം, അസംബ്ലി<br>* വായനാ മൂലം (വായനവാരം)<br>* നിഘണ്ടു നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ | അദ്ധ്യാപകർ |

# ACADEMIC MASTER PLAN

# ENGLISH- UP

## ലക്ഷ്യങ്ങൾ

* ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തൽ
* എഴുത്തു ശീലിപ്പിക്കൽ
* വായന പ്രോത്സാഹിപ്പിക്കൽ
* സ്വന്തം ആശയങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് തെറ്റു കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കൽ
* തെറ്റു കൂടാതെ എഴുതാനും വായിക്കാനും പഠിക്കൽ
* കേൾക്കുന്നതു ഗ്രഹിക്കാനുള്ള കഴിവു വളർത്തൽ
* ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അവയുടെ ഭാഷാനൈപുണ്യം വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കൽ.
* മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്തു ഭാഷയെ മെച്ചപ്പെടുത്താൻ പ്രാപ്തരാക്കുക.

| Problem Area | Activities | Period | Support | Finance |
|---|---|---|---|---|
| Listening | Showing Cartoons movies give them chance to hear stories during their class room activities Reading crds. Hello English activities collective piture drawing English assembly Book Review speech story telling. | through out the year | PTA | |
| Speaking | Conversation:- with the help of pictures and videos self introduction story telling speeches.<br>Skit. | throughout the year | PTA | |

| Problem Area | Activities | Period | Support | Finance |
|---|---|---|---|---|
| Reading | Picture Reading class Library books and also through their text books.<br>Reading words into sentences and writing the read sentences conceptually<br>Newspapper Reading<br>Poetry Reading<br>Reading notes<br>Reading competition<br>Profile Reading | through out the year | PTA | |
| Writing | Children acquired skills in writing based on their ability they acquired through listening and Speaking. | | | |

| Problem Area | Activities | Period | Support | Finance |
|---|---|---|---|---|
| Creativity | Writing Conversation.<br>Self introduction.<br>Writing Stories.<br>Speeches.<br>Writing Reports<br>Skit<br>News report<br>Creative writing<br>diary, letters, poster,<br>Add more lines making<br>Riddles, Notice, Advertisment<br>Announcement.<br><br>Decided to conduct an English test in February<br>it will help students to express their creativity. | through out the year<br><br>January<br>February | PTA | |

| Problem Area | Activities | Period | Support | Finance |
|---|---|---|---|---|
| Creativity | They may present Skits, news reading, recitation, story telling etc. in this Fest all these activities help them to enhance their creativity in English language. We will release magazines of different classes on that occasion we will prepare a digital magazine based on these activities and a digital record of<br><br>English Fest Too. | January<br>to<br>February | P.T.A | |